നാളികേര വികസന പദ്ധതി

114 [416] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന പദ്ധതിക്കുവേണ്ടി കഴിഞ്ഞ രണ്ടു വർഷമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരളത്തിന് എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുക സംസ്ഥാന സർക്കാർ വിനിയോഗിച്ചുഎന്നും എത്ര തുക നഷ്ടപ്പെടുത്തി എന്നും വ്യക്തമാക്കാമോ;

(സി) നാളികേര വികസനത്തിനുവേണ്ടി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി സംസ്ഥാന സർക്കാർ വിഹിതമായി എന്തു തുക ചെലവാക്കി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-04 സാമ്പത്തിക വർഷം 1260.915 ലക്ഷം രൂപയും, 2004-05 സാമ്പത്തിക വർഷം 689.985 ലക്ഷം രൂപയും സഹിതം മൊത്തം 1950.90 ലക്ഷം രൂപ അനുവദിച്ചു.

(ബി) ഇതിൽ 1934.3785 ലക്ഷം രൂപ 2003-04, 2004-05 വർഷങ്ങളിലായി ചെലവഴിച്ചു. ബാക്കി തുക കേന്ദ്രസർക്കാരിൽ നിന്നും റീവാലിഡേറ്റ് ചെയ്തു കിട്ടേണ്ടതുണ്ട്.

(സി) നാളികേര വികസനത്തിനായി മൂന്ന് പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

1. സംസ്ഥാനാവിഷ്കൃത പദ്ധതി
2. നാളികേര വികസന ബോർഡ് പദ്ധതി
3. നാളികേര ടെക്നോളജി മിഷൻ പദ്ധതി

(ഡി) സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 2003-04, 2004-05 വർഷങ്ങളിലായി ആകെ 2678.8455 ലക്ഷം രൂപയാണ് ചെലവഴിച്ചത്. ഇതിൽ ടെക്നോളജി മിഷൻ പദ്ധതി നടത്തിപ്പിനായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 516.969 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly